Estd. May 20, 1887

The Archdiocese of Trichur
**Catholic Archbishop's House**
**P.B.No.706, Trichur – 680 005**
**Kerala, India**

**Order No: 1024/2020 dated 13.06.2020 C-8**

# സർക്കുലർ

പ്രിയ ബഹുമാനപ്പെട്ട വൈദികരേ,

കോവിഡ് -19 മഹാമാരിയുടെ വ്യാപനം വർദ്ധിക്കുന്ന ഒരു സാഹചര്യമാണ് നമുക്ക് ഇന്നുള്ളത്. അതിനാൽ രോഗബാധയിൽ നിന്ന് വിമുക്തി നേടുന്നതിനുവേണ്ടി നമ്മൾ നിരന്തരം പ്രാർത്ഥിക്കേണ്ടതാണ്. കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ നേരത്തെ നല്കിയിട്ടുള്ള നിർദ്ദേശങ്ങൾ പാലിക്കുകയും വളരെ കാര്യഗൗരവത്തോടെ നമ്മൾ പെരുമാറുകയും വേണം. ആരാധനാലയങ്ങൾ തുറക്കാമെന്ന് സർക്കാർ നിർദ്ദേശങ്ങൾ നിലവിലുള്ളപ്പോൾ containment zone-ൽ ഉള്ള സ്ഥലങ്ങളിൽ പള്ളികൾ തുറക്കരുത്. കോവിഡ് -19 വ്യാപന സാധ്യതയുള്ള സ്ഥലങ്ങളിൽ പൊതുജനത്തെ പങ്കെടുപ്പിച്ചുകൊണ്ടുള്ള വി. കുർബ്ബാനകൾ ഒഴിവാക്കേണ്ടതാണ്.

കോവിഡ് -19 രോഗംമൂലം ആരെങ്കിലും മരിക്കുവാൻ ഇടയായാൽ അവരുടെ മൃതസംസ്കാരത്തെക്കുറിച്ചുള്ള നിർദ്ദേശങ്ങൾ താഴെ നൽകുന്നു.

1. കോവിഡ് -19 രോഗം മൂലം മരണമടഞ്ഞവരുടെ മൃതസംസ്കാര കർമ്മങ്ങൾ നടത്തുമ്പോൾ സർക്കാർ, ആരോഗ്യവകുപ്പ്, പോലിസ് എന്നിവരുടെ നിർദ്ദേശങ്ങളും മുൻകരുതലുകളും കൃത്യമായി പാലിക്കേണ്ടതാണ്.

2.മൃതദേഹം മറവ്ചെയ്യുമ്പോൾ സിമിത്തേരിയിൽ സ്ഥലമുണ്ടെങ്കിൽ അവിടെ സിവിൽ അധികാരികളുടെ നിർദ്ദേശങ്ങൾക്കനുസൃതമായ രീതിയുള്ള കുഴി എടുത്ത് മൃതദേഹം സംസ്കരിക്കുകയാണ് വേണ്ടത്.

3.സിമിത്തേരിയിൽ സ്ഥലമില്ലാത്തപക്ഷം ഇടവകപള്ളിയിലെ പറമ്പിൽ സൗകര്യമുള്ള സ്ഥലമുണ്ടെങ്കിൽ, അധികാരികളുടെ നിർദ്ദേശങ്ങൾ പാലിച്ച്, ആ സ്ഥലത്ത് മൃതദ്ദേഹം സംസ്കരിക്കാവുന്നതാണ്. ഇങ്ങനെ സംസ്കരിക്കുന്ന മൃതദേഹങ്ങളുടെ ഭൗതിക അവശിഷ്ടങ്ങൾ ഒരു നിശ്ചിത കാലഘട്ടത്തിനുശേഷം (ഉദാ. രണ്ടുവർഷം) എടുത്ത് സിമിത്തേരിക്കുള്ളിൽ സ്ഥിരം കല്ലറകളുള്ളവരാണെങ്കിൽ അതിലേയ്ക്കോ അല്ലെങ്കിൽ പൊതുവെ ചെയ്യുന്ന രീതിയനുസരിച്ച് ഭൗതിക അവശിഷ്ടങ്ങൾ അടക്കംചെയ്യുന്ന സ്ഥലത്തേയ്ക്കോ മാറ്റേണ്ടതാണ്.

4. മേല്പ്പറഞ്ഞ നിബന്ധനകൾക്കനുസരിച്ച് മൃതദേഹം സംസ്കരിക്കുവാൻ സാധിക്കാതെ വരികയാണെങ്കിൽ, ഇപ്പോൾ നിലനില്ക്കുന്ന സഹചര്യത്തിൽ, സിവിൽ അധികാരികളുടെ നിർദ്ദേശപ്രകാരം മറ്റൊരു പള്ളിയുടെ സിമിത്തേരിയിലോ അതിനും സാധ്യമല്ലാത്ത സാഹചര്യത്തിൽ മൃതദേഹം വീട്ടുവളപ്പിലോ സംസ്കരിക്കുന്നതിന് തടസ്സമില്ലാത്തതാണ്. ഈ കോവിഡ് 19-ന്റെപശ്ചാത്തലത്തിൽ മാത്രമാണ് ഇത് അനുവദിക്കുന്നത്. ഇങ്ങനെ സംസ്കരിക്കുന്ന മൃതദേഹത്തിന്റെ ഭൗതികാവശിഷ്ടം രണ്ടുവർഷത്തിനുള്ളിൽ പള്ളി സിമിത്തേരിയിൽ അടക്കം ചെയ്യാവുന്നതാണ്.

5. ഇപ്പോൾ ഉള്ള സഹചര്യം പരിഗണിച്ച് ബന്ധുക്കളുടെ സമ്മതത്തോടെ സിവിൽ അധികാരികളുടെ നിർദ്ദേശങ്ങൾക്ക് വിധേയമായി മൃതദേഹം ദഹിപ്പിക്കുന്നതിന് അനുവദിക്കാവുന്നതാണ്. ഇങ്ങനെ ദഹിപ്പിക്കുന്ന മൃതദേഹങ്ങളുടെ ഭൗതികാവശിഷ്ടം (ഭസ്മം) പള്ളി സിമിത്തേരിയിലാണ് അടക്കം ചെയ്യേണ്ടത്.

Estd. May 20, 1887

The Archdiocese of Trichur
**Catholic Archbishop's House**
**P.B.No.706, Trichur – 680 005**
**Kerala, India**

6. മൃതദേഹം ദഹിപ്പിക്കുന്നതിനെ സംബന്ധിച്ച് കത്തോലിക്ക സഭയുടെ മതബോധനഗ്രന്ഥത്തിൽ 2301 ഖണ്ഡികയിൽ ഇപ്രകാരം പഠിപ്പിക്കുന്നു: ശരീരത്തിന്റെ ഉയിർപ്പിലുള്ള വിശ്വാസത്തിൽ സംശയം പ്രകടിപ്പിക്കുന്നില്ലെങ്കിൽ ശവദാഹം അനുവദിക്കുന്നു. സഭാനിയമവും ഇത് അനുവദിക്കുന്നുണ്ട്: "തങ്ങളുടെ ശരീരം ദഹിപ്പിക്കണമെന്ന് തീരുമാനമെടുത്തവർ ക്രിസ്തീയ ജീവിതത്തിനു വിരുദ്ധമായ കാരണങ്ങളാലല്ല അങ്ങനെ ചെയ്തതെങ്കിൽ സഭാപരമായ മൃതസംസ്കാരം നൽകേണ്ടതാണ്. എങ്കിലും ദഹിപ്പിക്കുന്നതിനേക്കാൾ സംസ്കരിക്കുന്നതിനാണ് സഭ കൂടുതൽ മുൻഗണന കൊടുക്കുന്നതെന്ന് മൃതസംസ്കാരശുശ്രൂഷയിൽ വ്യക്തമാക്കേണ്ടതും ഉതപ്പ് ഒഴിവാക്കേണ്ടതുമാണ്" (CCEO. 876§3). ലത്തീൻസഭാനിയമത്തിലുംശവദാഹം അനുവദിക്കുന്നുണ്ട് (CIC. c. 1176§3). കോവിഡ് -19 മഹാമാരിയുടെ പശ്ചാത്തലത്തിൽ ശവദാഹം കൂടുതൽ പ്രായോഗികമാണ്; അനുവദനീയവുമാണ്.

7. ഈ നല്കിയ നിർദ്ദേശങ്ങൾ എല്ലാംതന്നെ കോവിഡ് പശ്ചാത്തലത്തിലുള്ളതും, ഓരോ ഇടവകയുടെയും പ്രത്യേക സാഹചര്യം പരിഗണിച്ചുകൊണ്ട് ഏറ്റവും അനുയോജ്യമായ രീതിയിലുമായിരിക്കണം നിർവ്വഹിക്കേണ്ടത്.

8. ഈ നിർദ്ദേശങ്ങൾ ബഹു. വികാരിയച്ചന്മാർ ഇടവക ജനങ്ങളെ അറിയിക്കുകയും നമ്മുടെ വിശ്വാസവും പാരമ്പര്യവും കാത്തുസൂക്ഷിച്ച് ജീവിക്കുന്നതോടൊപ്പം ആത്മസംയമനം പാലിച്ചു പെരുമാറണമെന്ന് ഉപദേശിക്കുകയും ചെയ്യുവാൻ ഞാൻ നിങ്ങളെ ആഹ്വാനം ചെയ്യുന്നു.

+ Andrews Thazhath

മാർ ആൻഡ്രൂസ് താഴത്ത്
തൃശൂർ അതിരൂപതാ മെത്രാപ്പോലീത്ത

CURIA ARCHEPARCHY OF TRICHUR